## വ്യാവസായിക പരിശീലന വകുപ്പ്
### (കേരള സംസ്ഥാനം)

നമ്പർ: സി1/11529/13

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 12/07/2013

ട്രെയിനിംഗ് ഡയറക്ടർ.

പ്രിൻസിപ്പാൾ,
ഐ.ടി.ഐ,
ചാക്ക/കളമശ്ശേരി/അരീക്കോട്/മാള.

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് 2013 ആഗസ്റ്റിലെ ഐടിഐ പ്രവേശനം - സാനിറ്ററി ഹാർഡ്‌വെയർ ഫിറ്റർ ട്രേഡിലെ അഡ്മിഷൻ -സംബന്ധിച്ച്.

സൂചന:- 2013 ആഗസ്റ്റിലെ ഐ.ടി.ഐ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ്.

***************

2013 ആഗസ്റ്റിലെ ഐ.ടി.ഐ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് തയ്യാറാക്കിയിരുന്നത്, www.cstari.kolkata.com എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്ന സെമസ്റ്റർ സിസ്റ്റം പ്രകാരമുള്ള ട്രേഡുകളുടെ സിലബസ് അടിസ്ഥാനമാക്കിയാണ്. ടി സൈറ്റിൽ 'സാനിറ്ററി ഹാർഡ് വെയർ ഫിറ്റർ' എന്ന ട്രേഡ് മെട്രിക് ട്രേഡിന്റെ ഗണത്തിൽ ഉൾപ്പെടുത്തിയിരുന്നതിനാൽ സൂചന പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന പ്രോസ്പെക്ടസിൽ ടി ട്രേഡ് മെട്രിക് ട്രേഡ് ആയാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ടി ട്രേഡ് ഇപ്പോൾ 'നോൺമെട്രിക്' ട്രേഡിന്റെ ഗണത്തിൽ ഉൾപ്പെടുത്തിയതായി ടി വെബ്സൈറ്റിൽ അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഐ.ടി.ഐ കളിലെ അഡ്മിഷൻ നടപടികൾ ആരംഭിച്ചുകഴിഞ്ഞ സാഹചര്യത്തിൽ നിലവിലുള്ള റോസ്റ്റർ സിസ്റ്റം തന്നെ തുടരാവുന്നതും എന്നാൽ സാനിറ്ററി ഹാർഡ് വെയർ ട്രേഡിൽ മതിയായ പരിശീലനാർത്ഥികളെ ലഭിയ്ക്കാതെ വരുന്ന പക്ഷം നോൺ മെട്രിക് ട്രേഡിലേക്കുള്ള അപേക്ഷകരെ കൂടി ടി ട്രേഡിലേയ്ക്ക് റോസ്റ്റർ മാറാതെ പരിഗണിയ്ക്കാവുന്നതാണ് എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

കോപ്പി: www.det.kerala.gov.in

എസ്സ് എച്ച്-16-7-13